(സി) റിപ്പോർട്ടുകൾ ഒന്നും സർക്കാരിന് നൽകിയിട്ടില്ല.

(ഡി&ഇ) വിഷയം ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിട്ടുണ്ട്.

വ്യാജമദ്യ നിർമ്മാണത്തിന് കൂട്ടുനിന്നവർ

125 (126) ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യരാജാക്കന്മാർക്ക് സ്പിരിറ്റ് കള്ളക്കടത്തിനും വ്യാജമദ്യം നിർമ്മിച്ചു വ്യാപാരം നടത്തുന്നതിനും കൂട്ടുനിന്നതിന് പ്രതിഫലം പറ്റിയതിന് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ;

(സി) സസ്പെൻസ് ചെയ്ത ആരെയെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

റോസമ്മയും രണ്ടു മക്കളും വധിക്കപ്പെട്ട സംഭവം

126 (127) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടിക്കടുത്ത് കുഴിനിലം എന്ന സ്ഥലത്ത് പീറ്റുപറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മയും രണ്ടു മക്കളും വധിക്കപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനകം എത്ര സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കേസ് ചാർജ്ജുചെയ്തു കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതുവരെയായി ഏതൊക്കെ ഏജൻസികളാണ് കേസ് അന്വേഷണം നടത്തിയിരുന്നത് ;

(ഇ) ഇതുവരെയായി പ്രതികളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ കേസ് സി.ബി.ഐ. യെ ഏൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരുന്നു. പ്രതികൾ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

(ബി) 844 സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്.

(സി) ചാർജ്ജ് ചെയ്തിട്ടില്ല.

(ഡി) ലോക്കൽ പോലീസിന് ശേഷം ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു.

(ഇ) പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

സംഘട്ടനങ്ങൾ

127 (128) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഇതുവരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ എത്ര ; വർഗ്ഗീയസംഘട്ടനങ്ങളെത്ര ;

(സി) പോലീസുമായുണ്ടായ സംഘട്ടനങ്ങളെത്ര ; വിദ്യാർത്ഥി സംഘടനകൾ തമ്മിലുണ്ടായ സംഘട്ടനങ്ങളെത്ര ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൊലപാതകങ്ങൾ നടന്നു ; അതിൽ രാഷ്ട്രീയ കൊലപാതകങ്ങളെത്ര ; വിദ്യാർത്ഥികളുടെ കൊലപാതകങ്ങളെത്ര, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നവരുടെ കൊലപാതകങ്ങളെത്ര ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടന്നിട്ടുള്ള സംഘട്ടനത്തിൽ വർഗ്ഗീയ സംഘട്ടനങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വിദ്യാർത്ഥികളുടെ കൊലപാതകങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) 29226 സംഘട്ടനങ്ങൾ.

(ബി) 5242 രാഷ്ട്രീയ സംഘട്ടനങ്ങളും 29 വർഗ്ഗീയ സംഘട്ടനങ്ങളും.

(സി) പോലീസുമായി 193 സംഘട്ടനങ്ങളും വിദ്യാർത്ഥികൾ തമ്മിൽ 491 സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്.

(ഡി) ആകെ 2175 കൊലപാതകങ്ങളിൽ 67 രാഷ്ട്രീയ കൊലപാതകങ്ങളും 6 വിദ്യാർത്ഥികളെയും കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly